(സി) ഇതിനായി നിയമനിർമ്മാണം നടത്തണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) കമ്മിറ്റിയുടെ ശുപാർശകൾ അനൃത്ര ചേർത്തിട്ടുണ്ട്. വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.*

സ്കൂൾ കോളേജ് പരിസരങ്ങളിലെ ലഹരി പദാർത്ഥ കച്ചവടം

5 (2006) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കോളേജ് പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങൾ വിൽക്കുന്നത് തടയുന്നതിന് സ്കൂൾ-കോളേജ് തലത്തിൽ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ്മ സംഘടിപ്പിക്കുന്നതിന് തീരുമാനം കൈക്കൊള്ളുമോ ;

(ബി) കലാലയ അന്തരീക്ഷം പൂർണ്ണമായും ലഹരി വിമുക്തമാക്കുവാൻ എന്തെല്ലാം നടപടി സ്വീകരിക്കും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തീരുമാനം കൈക്കൊണ്ടുവരുന്നു.

(ബി) സ്കൂൾ അന്തരീക്ഷം പൂർണ്ണമായും ലഹരി വിമുക്തമാക്കുന്നതിനുള്ള നിർദ്ദേശം എല്ലാ ഹെഡ്മാസ്റ്റർമാർക്കും നൽകിയിട്ടുണ്ട്. കൂടാതെ സ്കൂൾ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങൾ വിൽക്കുന്നത് തടയുന്നതിന് സ്കൂൾ തലത്തിൽ എൻ.എസ്.എസ്., സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയവ മുഖേന ബോധവൽക്കരണ കർമ്മ പരിപാടികൾ നടത്തിവരുന്നു.

സംസ്ഥാനത്ത് വിദ്യാർത്ഥികളുടെ പഠനാവസരങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ

6 (2007) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എം. ഹംസ :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികളുടെ പഠനാവസരങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ വന്നശേഷം സർക്കാർ മേഖലയിൽ പുതുതായി എത്ര സ്കൂളുകൾ ആരംഭിച്ചു ; എത്ര സ്കൂളുകൾ അപ്ഗ്രേഡ്ചെയ്തു ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly